## പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 146 — 28-11-2018 ൽ മറുപടിയ്ക്ക്

## പൊന്നാനി സബ് ട്രഷറിയിലെ തട്ടിപ്പ്

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ഷാഫി പറമ്പിൽ** | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| (എ) പൊന്നാനി സബ് ട്രഷറിയിൽ സ്ഥിര നിക്ഷേപങ്ങളും, ദുരിതാശ്വാസ നിധിയിലേയ്ക്കുള്ള തുകയും ജീവനക്കാർ വെട്ടിച്ച കേസിന്റെ അന്വേഷണം ഏതു ഘട്ടത്തിലാണെന്നും എത്ര ലക്ഷം രൂപയുടെ തട്ടിപ്പ് നടന്നതായാണ് കണ്ടെത്തിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ ;<br><br>(ബി) എൻ.ജി.ഒ. യൂണിയൻ നേതാവ് ഭാര്യയുടെ അക്കൗണ്ടിലേയ്ക്ക് ദുരിതാശ്വാസ നിധിയിലേയ്ക്ക് ലഭിച്ച തുക കൈമാറിയതായി കണ്ടെത്തിയിട്ടുണ്ടോ; എത്ര തുകയാണ് ഇപ്രകാരം കൈമാറ്റം ചെയ്തതെന്ന് വ്യക്തമാക്കുമോ ? | (എ) (ബി) പൊന്നാനി സബ് ട്രഷറിയിലെ മുൻജീവനക്കാരനായിരുന്ന സന്തോഷ് എന്നയാൾ ഓഫീസിനകത്തു കടന്ന് അലമാരയിൽ സൂക്ഷിച്ചിരുന്ന ചില നിക്ഷേപ സർട്ടിഫിക്കറ്റുകൾ മോശവിചാരത്തോടെ മോഷണം ചെയ്തു കൊണ്ടുപോയി എന്ന കാര്യത്തിന് പൊന്നാനി സബ് ട്രഷറി ഓഫീസറുടെ പരാതി പ്രകാരം പൊന്നാനി പോലീസ് സ്റ്റേഷൻ ക്രൈം 529/2018 u/s 461, 381 IPC ആയി കേസ് രജിസ്റ്റർ ചെയ്തു അന്വേഷണം നടത്തി ടി കേസ്സിലെ പ്രതിയായ സന്തോഷിനെ അറസ്റ്റ് ചെയ്തിട്ടുണ്ട്. പ്രാഥമിക അന്വേഷണത്തിൽ നിന്നും 5 ഫിക്സഡ് ഡെപ്പോസിറ്റ് സർട്ടിഫിക്കറ്റുകൾ കണ്ടെത്തി ബന്തവസ്സിലെടുത്തിട്ടുള്ളതും ആയതിന് 2,53,300/- രൂപയുടെ ക്രമക്കേടും 6 ബ്ലാങ്ക് ചെക്കുകളിൽ സ്വന്തമായി 65,256/- രൂപ ഭാര്യയുടെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തു ചതിച്ച എന്ന കാര്യത്തിന് ചങ്ങരംകുളം പി.എസ്. ക്രൈം നം. 291/2018 u/s 409, 420 r/w 34 IPC പ്രകാരം ഒരു കേസ്സും രജിസ്റ്റർ ചെയ്തിട്ടുണ്ട്. ടി വിഷയവുമായി ബന്ധപ്പെട്ട് വിശദമായ വകുപ്പുതല അന്വേഷണം നടന്നു വരികയാണ്. |

സെക്ഷൻ ഓഫീസർ